## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4092** **25.06.2018 ൽ മറുപടിയ്ക്ക്**

**മുത്തപ്പൻ പുഴയിലെ വനം വകുപ്പ് നടപടികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോർജ് എം. തോമസ് | | അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ ആനക്കാംപൊയിൽ - മുത്തപ്പൻ-പുഴ മേഖലയിൽ കർഷകരുടെയും കൈവശക്കാരുടെയും ഭൂമിയിൽ വനം വകുപ്പ് ജണ്ട കെട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ ആനക്കാം പൊയിൽ-മുത്തപ്പൻപുഴ മേഖലയിൽ കൃഷിഭൂമിയിൽ വനം വകുപ്പ് ജണ്ട കെട്ടുന്നു എന്ന വിവിധ രാഷ്ട്രീയ കക്ഷികളുടെയും കർഷക സംഘടനകളുടെയും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ആക്ഷേപം സത്യവിരുദ്ധമാണ്. 1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ) ആക്ട് പ്രകാരം 10.5.1971 ൽ സർക്കാരിൽ നിക്ഷിപ്തമായതും 1974-77 കാലഘട്ടത്തിൽ ഡീമാർക്കേഷൻ പൂർത്തീകരിച്ച് വിജ്ഞാപനം ചെയ്തതുമായ വനഭൂമിയുടെ സർവ്വെ സ്കെച്ച് അനുസരിച്ച് വനാതിർത്തി പുനർനിർണ്ണയം നടത്തി വനാതിർത്തിയിലെ സർവ്വെ പോയിന്റുകളിൽ മാത്രമാണ് വനം വകുപ്പ് ജണ്ട നിർമ്മിക്കുന്നത്. |
| (ബി) | സംയുക്ത പരിശോധനയ്ക്ക് ശേഷമേ സർവ്വേ പ്രവർത്ത നങ്ങൾ പുനരാരംഭിക്കുകയുള്ളൂ എന്നതിൽ നിന്നും വനം വകുപ്പ് പിന്മാറാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ താമരശ്ശേരി റെയിഞ്ച് പരിധിയിൽ വനാതിർത്തിയിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കാൻ ഇനി 1022 ജണ്ട കൾ കൂടി കെട്ടുവാനുണ്ട് . അതിൽ ഭൂരിഭാഗം ജണ്ട കളും നിർമ്മിക്കേണ്ടത് മുത്തപ്പൻപുഴ, മറിപ്പുഴ, കുണ്ടംതോട് പ്രദേശങ്ങളിലാണ്. 2017 വർഷത്തിൽ ഇവിടെ വനാതിർത്തിയിലെ സർവ്വെ പോയിന്റുകൾ കണ്ടെത്താൻ സർവ്വെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ജണ്ട നിർമ്മാണം നടത്തി വരികയും ചെയ്തിരുന്നു. ഈ സമയത്ത് തന്നെ വനാതിർത്തിയിൽ വനത്തിനകത്ത് ഒട്ടേറെ പേർ കയ്യേറി കൃഷി ചെയ്തു വരുന്നത് കണ്ടെത്തിയിരുന്നു. എന്നാൽ ജണ്ട നിർമ്മാണത്തിന് തടസ്സമുണ്ടായിരുന്നില്ല. സർവ്വെ സംബന്ധിച്ച ആക്ഷേപങ്ങൾ ഉണ്ടായപ്പോൾ 4.8.2017 തീയതിയിൽ ബഹു.തിരുവമ്പാടി നിയോജക മണ്ഡലം എം.എൽ.എയുടെ |

സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി യോഗം ചേരുകയും സർവ്വെ പ്രവർത്തനങ്ങൾ തുടരാനും തർക്കമില്ലാത്തിടങ്ങളിൽ ജണ്ട നിർമ്മാണം നടത്തുന്നതിനും തീരുമാനിച്ചിരുന്നു. പിന്നീട് വിവിധ രാഷ്ട്രീയ കക്ഷികളുടെയും കർഷകസംഘടനകളുടെയും നേതൃത്വത്തിൽ പ്രതിഷേധം കൂടുതലായപ്പോൾ 9.2.2018 ന് ബഹു. തിരുവമ്പാടി നിയോജക മണ്ഡലം എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോട് ജില്ലാ കലക്ടറുടെ ചേമ്പറിൽ വെച്ച് യോഗം ചേർന്നിരുന്നു. മേൽ യോഗത്തിൽ 2018 ഫെബ്രുവരി മാസാവസാനം വരെ സർവ്വെ പ്രവർത്തനങ്ങളും ജണ്ട നിർമ്മാണവും നിർത്തിവെയ്ക്കാൻ ബഹു.എം.എൽ.എ ആവശ്യപ്പെട്ടതിനെ തുടർന്ന് ജണ്ട നിർമ്മാണവും സർവ്വെ പ്രവർത്തനങ്ങളും നിർത്തി വെയ്ക്കുകയുണ്ടായി. സി.പി.ഐ തിരുവമ്പാടി നിയോജക മണ്ഡലം കമ്മിറ്റി ബഹു.വനം വകുപ്പ് മന്ത്രിമുമ്പാകെ സമർപ്പിച്ച നിവേദനത്തെ തുടർന്ന് പ്രസ്തുത മേഖലയിൽ സംയുക്ത പരിശോധന നടത്തിയ ശേഷം മാത്രം തുടർ നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിന് ശേഷം ഈ മേഖലയിൽ ജണ്ട നിർമ്മാണം നടത്തിയിട്ടില്ല.

ജി.ഒ (എം.എസ്) നമ്പർ 655/89/ആർ.ഡി തീയതി 31.8.1989 , ജി.ഒ (എം.എസ്) നമ്പർ 172/92/ആർ.ഡി തീയതി 3.3.1992 എന്നിവയിലാണ് സംയുക്ത പരിശോധന സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം കയ്യേറിയ വനഭൂമി 1.1.1977 ന് മുമ്പാണോ ശേഷമാണോ കയ്യേറിയത് എന്ന് തിട്ടപ്പെടുത്തുന്നതിന് വേണ്ടിയാണ് സംയുക്ത പരിശോധന നടത്തുന്നത്. 1989 ലെ ജി.ഒ (എം.എസ്) നമ്പർ 655/89/ആർ.ഡി തീയതി 31.8.1989 സർക്കാർ ഉത്തരവ് പ്രകാരമുള്ള സംസ്ഥാനത്തിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ് എന്നാണ് വിവിധ കോടതി മുമ്പാകെ എടുത്തിട്ടുള്ള നിലപാട്. നിലവിൽ നടന്നു വരുന്ന സർവ്വെ പ്രവർത്തനങ്ങൾ പ്രകാരം കൃഷിക്കാർ തർക്കമുന്നയിക്കുന്ന ഭൂമി ഏതൊക്കെയാണെന്നും അറിയാൻ കഴിയുന്നുണ്ട് സർവ്വെ പൂർത്തീകരിക്കുന്നതോടെ തർക്കഭൂമിയുടെ കൃത്യമായ വിവരം ലഭ്യമാകുന്നതാണ്.

2018 ജനുവരി, ഫെബ്രുവരി മാസത്തിൽ നടന്ന സർവ്വെയിൽ തിരുവമ്പാടി വില്ലേജിൽ സർവ്വെ നമ്പർ 163/11 ൽ വനഭൂമി വ്യാപകമായി കയ്യേറിയതായി പ്രാഥമിക വിവരം ലഭിച്ചിരുന്നു. 2018 ഏപ്രിൽ മാസത്തിൽ ഈ ഭാഗത്ത് വനാതിർത്തിയിലെ സർവ്വെ പുനരാരംഭിക്കുകയും ഈ

| | | | |
|---|---|---|---|
| | | | ഭാഗത്തെ വനം കയ്യേറ്റം സ്ഥിരീകരിക്കുകയും വനത്തിനകത്ത് നിർമ്മിച്ച റിസോർട്ട് കെട്ടിടമടക്കം [illegible] വകുപ്പ് കസ്റ്റഡിയിലെടുക്കുകയും ചെയ്തിരുന്നു [illegible] തുടർന്ന് വനഭൂമിക്ക് അവകാശമുന്നയിച്ചു കൊണ്ട് വിവിധ ആൾക്കാർ WP(C) Nos. 14442/18,14887/18, 14679/18, 14554/18, 14557/18, 14929/18, 14741/18, 14634/18, 14701/18, 14541/18, 14556/18, 14722/18, 14878/18, 14866/18, 14867/18, 14987/18, 14986/18, 14877/18, 14879/18, 14985/18, 15014/18, 15061/18, 16945/18 എന്നിങ്ങനെ 23 റിട്ട് പെറ്റീഷനുകൾ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുകയു ണ്ടായി. ഈ പ്രദേശത്തിലെ വനം കയ്യേറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് വനാതിർത്തിയിലെ സർവ്വെ തടസ്സപ്പെടുത്താൻ പാടില്ല എന്ന് നിർദ്ദേശിച്ച് കൊണ്ട് ബഹു.ഹൈക്കോടതി ഉത്തര വിട്ടിട്ടുണ്ട്. മേൽ സാഹചര്യങ്ങളിലാണ് മേൽ പ്രദേശത്ത് ഇപ്പോൾ വനാതിർത്തിയിലെ സർവ്വെ തുടരുന്നത്. |
| (സി) | പ്രസ്തുത വിഷയത്തിന്റെ ശാശ്വതപരിഹാരത്തിനായി സംയുക്ത പരിശോധന നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ വനം വകുപ്പിന്റെ സർവ്വേയാണ് നടക്കുന്നത്. സംയുക്ത സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ